# അസംബന്ധ വിചാരണയുടെ പത്താം വർഷം

**ഇറാഖ് പ്രസിഡന്റായിരുന്ന സദ്ദാം ഹുസൈനെ തൂക്കിലേറ്റിയിട്ട് പത്തുവർഷം പൂർത്തിയായി. തൂക്കമരത്തിലേക്കുള്ള യാത്രയ്ക്കു മുൻപു നടന്ന ലോക ചരിത്രത്തെ തന്നെ അമ്പരിപ്പിച്ച വിചാരണയിലൂടെ**

കെ.എം. ലെനിൻ



**കീഴടങ്ങാത്ത പോരാളി:** 2006 ജനുവരി 29-ന് വിചാരണയ്ക്കിടെ ജഡ്ജിയെ ചോദ്യം ചെയ്യുന്ന സദ്ദാം ഹുസൈൻ
/ ഫോട്ടോ: ഡാർകോബാൻഡിക്/ എ.പി

'സദ്ദാമിനെ വിചാരണചെയ്യാൻ അധിനിവേശ സർക്കാരിന് അധികാരമില്ലെന്നതോ പോകട്ടെ, വിചാരണയുടെ ഓരോ ഘട്ടത്തിലും നിയമലംഘനങ്ങൾ നടത്തി എല്ലാം ഒരു പ്രഹസനമാക്കി'- ഇതായിരുന്നു സദ്ദാംവിചാരണയെപ്പറ്റി മുഖ്യ ആരോപണം. യു.എസ് സൃഷ്ടിച്ച സുപ്രീം ഇറാക്കി ക്രിമിനൽ ട്രൈബ്യൂണൽ (എസ്.ഐ.സി.ടി) എന്നുകൂടി വിളിക്കപ്പെടുന്ന ഇറാഖി സ്പെഷൽ ട്രൈബ്യൂണൽ (ഇ.എസ്.ടി) ആയിരുന്നു സദ്ദാമിനെ വിചാരണ ചെയ്തത്. തുടക്കത്തിൽ അത് ഇറാഖി ഹൈ ട്രൈബ്യൂണൽ (ഐ.എച്ച്.ടി) ആയിരുന്നു. വംശഹത്യയോ മനുഷ്യവർഗ്ഗത്തിനെതിരായ കുറ്റകൃത്യങ്ങളോ യുദ്ധക്കുറ്റങ്ങളോ ചെയ്ത ഇറാഖി പൗരന്മാരെ ശിക്ഷിക്കയായിരുന്നു ഇ.എസ്.ടിയുടെ ജോലി. അമേരിക്കയ്ക്കും കൂട്ടർക്കും വെട്ടിപ്പിടിച്ച ഇറാഖ് താൽക്കാലികമായി ഭരിക്കാൻ തട്ടിക്കൂട്ടിയ കൊയ്‌ലിഷൻ പ്രൊവിഷണൽ അഥോറിറ്റി (സി.പി.എ) രൂപം കൊടുത്ത ഇ.എസ്.ടിയുടെ പ്രധാന ലക്ഷ്യം സദ്ദാമിനെയും കൂട്ടരെയും ശിക്ഷിക്കുകയായിരുന്നു.

## സദ്ദാം കോടതിയിൽ

അമേരിക്കൻ സൈന്യം 2003 ഡിസംബർ 13-ന് പിടികൂടിയ സദ്ദാമിനെ ആദ്യമായി കോടതിയിൽ ഹാജരാക്കിയത് 2004 ജൂലായ് ഒന്നിനായിരുന്നു. അതുവരെ സദ്ദാമിനെയും കൂട്ടരെയും ബാഗ്ദാദ് അന്താരാഷ്ട്രവിമാനത്താവളത്തിനു സമീപം യു.എസ് നിയന്ത്രിതമായ ഗ്രീൻ സോണിലെ ക്യാംപ് ക്രോപ്പർ എന്ന കോമ്പൗണ്ടിലായിരുന്നു പാർപ്പിച്ചിരുന്നത്. 15 അടി സമചതുരമായ മുറിയിൽ ഏകാന്ത തടവിലായിരുന്നു അദ്ദേഹം. തടവിലാക്കപ്പെട്ട സഹപ്രവർത്തകരോടുപോലും സമ്പർക്കം തടയപ്പെട്ടിരുന്നു. പുറംലോകവുമായുണ്ടായ ഏക ബന്ധം ഭാര്യ സാജിദയുടെയും പെൺമക്കളുടെയും റെഡ്ക്രോസ് വഴി ലഭിച്ചിരുന്ന എഴുത്തുകൾ മാത്രമായിരുന്നു. ജയിൽ ഗാർഡുകളോടു സംസാരിക്കുമ്പോഴൊക്കെ താൻ അപ്പോഴും ഇറാഖിന്റെ പ്രസിഡന്റാണെന്ന് അദ്ദേഹം ഊന്നിപ്പറയാറുണ്ടായിരുന്നു. സി.എൻ.എൻ ജൂലായ് 2-ന് ഇങ്ങനെ റിപ്പോർട്ട് ചെയ്തു:

"സദ്ദാം ഹുസ്സൈൻ വ്യാഴാഴ്ച ഒരു ഇറാഖി കോടതിയിൽ പ്രവേശിച്ചു. ഇറാഖിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായവും പിറന്നു. കുർദുകൾക്കെതിരായ രാസപ്രയോഗവും കുവൈത്ത് ആക്രമണവും ഉൾപ്പെടെ അദ്ദേഹത്തിനെതിരെ പ്രാഥമികമായ ആരോപണങ്ങളുടെ ഹിയറിംഗ് ആയിരുന്നു." ഏഴ് പ്രാഥമിക കുറ്റാരോപണങ്ങളായിരുന്നു സദ്ദാമിന്റെ അറസ്റ്റ് വാറന്റിൽ നിന്ന് കോടതി വായിച്ചുകേൾപ്പിച്ചത്. 1974-ൽ മതനേതാക്കളെ വധിച്ചത്, 1988-ൽ ഹലാബ്ജയിൽ കുർദുകളുടെ നേരെ രാസായുധപ്രയോഗം നടത്തിയത്, 1983-ൽ കുർദുകളിലെ ബർസാനിവംശജരെ കൊല്ലിച്ചത്, തൊട്ടുമുൻപത്തെ 30 വർഷക്കാലം രാഷ്ട്രീയപ്പാർട്ടി അംഗങ്ങളെ കൊല്ലിച്ചത്, 1986-88 കാലത്ത് കുർദുകളെ ആട്ടിയോടിച്ച 'അൻഫൽ' സംഭവം, 1991-ൽ കുർദുകളും ശിയാകളും നടത്തിയ കലാപം അടിച്ചമർത്തിയത്, 1990-ലെ കുവൈത്ത് ആക്രമണം എന്നിവയായിരുന്നു അവ.

ഹിയറിംഗ് നടന്നത് ആകെ അരമണിക്കൂർ. അല്പം മെലിഞ്ഞെങ്കിലും താടി ഭംഗിയായി വെട്ടിയിരുന്ന സദ്ദാമിന്റെ പെരുമാറ്റത്തിൽ പോരാട്ടവീര്യം പ്രകടമായിരുന്നു. കോടതിയിൽ പ്രവേശിച്ച ഉടനെ താങ്കളുടെ പേരെന്ത് എന്ന ജഡ്ജിയുടെ ചോദ്യത്തിന് "ഞാൻ ഇറാഖിന്റെ പ്രസിഡന്റായ സദ്ദാം ഹുസ്സൈൻ" എന്നായിരുന്നു ഉത്തരം.

*ജഡ്ജ്: ജോലി? ഇറാഖ് റിപ്പബ്ലിക്കിന്റെ മുൻപ്രസിഡന്റ്?*

*സദ്ദാം: അല്ല. ഇപ്പോഴത്തെ. അതു ജനകീയേച്ഛയായിരുന്നു.*

*ജഡ്ജ്: പിരിച്ചുവിട്ട ബാത്ത്പാർട്ടിയുടെ നേതാവ്. സൈന്യത്തിന്റെ മുൻ കമാൻഡറും മേധാവിയും. താമസം ഇറാഖിൽ. താങ്കളുടെ മാതാവിന്റെ പേര്?*

*സദ്ദാം: സുഭ. ഇറാഖിയായ ഒരു ജഡ്ജിയോടെന്ന നിലയിലാണ് ഞാൻ താങ്കളോടു സംസാരിക്കുന്നത്.*

*ഹലാബ്ജയെപ്പറ്റി സംസാരിച്ച ശേഷം കുവൈത്തിനെ സംബന്ധിച്ച ആരോപണത്തിലേക്കു കടന്നു. സദ്ദാം പറഞ്ഞു: "എനിക്കെതിരായ ഏഴാമത്തെ ചാർജ് കുവൈത്ത് അധിനിവേശമാണ്. നിർഭാഗ്യവശാൽ അത് ഒരു ഇറാഖിയിൽനിന്നാണ് ഉയർന്നത്. അത് ന്യായമാണോ?"*

*ജഡ്ജ്: പക്ഷേ, ഇത് നിയമമാണ്.*

*സദ്ദാം: നിയമം? എന്തു നിയമം? തെരുവിൽ പത്ത് ദിനാറിന് ഓരോ ഇറാഖിസ്ത്രീയെയും നാം വേശ്യയാക്കുമെന്ന് കുവൈത്തുകാർ പറഞ്ഞതുകൊണ്ട് സദ്ദാമിനെ വിചാരണ ചെയ്യുന്ന നിയമം. ഞാൻ ഇറാഖിന്റെ അഭിമാനം സംരക്ഷിച്ചു. ആ നായ്ക്കൾക്കെതിരെ ഇറാഖിന്റെ ചരിത്രപരമായ അവകാശങ്ങൾ ഞാൻ ഉയർത്തിക്കൊണ്ടുവന്നു.*

*ജഡ്ജ്: ആരെയും അധിക്ഷേപിക്കരുത്. ഇതൊരു നിയമസെഷനാണെന്നോർക്കുക.*

*സദ്ദാം: അതെ, ഇതൊരു നിയമസെഷനാണ്. ഞാൻ പറയുന്നതിന്റെ ഉത്തരവാദിത്വം ഞാനേറ്റെടുക്കുന്നു.*

*ജഡ്ജ്: മര്യാദകെട്ട ഏതെങ്കിലും പ്രസ്താവന സ്വീകാര്യമല്ല.*

പിന്നീട് സദ്ദാം നടത്തിയ വാദം താൻ ഇറാക്കിന്റെ പ്രസിഡന്റ്, കമാൻഡർ-ഇൻ-ചീഫ് എന്നീ ഔദ്യോഗികപദവിയിലിരുന്നപ്പോഴായിരുന്നു ഏഴാമത്തെ കുറ്റരോപണമായ കുവൈത്ത് ആക്രമണം നടന്നത്. ഒരു ഒഫിഷ്യലിനെതിരെ കുറ്റമാരോപിക്കുന്നതു നിയമാനുസൃതമാണോ എന്നായിരുന്നു സദ്ദാമിന്റെ ചോദ്യം. ജഡ്ജി പിന്തുടരുന്നുവെന്ന് അവകാശപ്പെടുന്ന ഭരണഘടന അതനുവദിക്കുന്നില്ല.

"താങ്കൾ ആ ഭരണഘടന അനുസരിച്ചാണ് എന്നെ വിചാരണചെയ്യുന്നതെന്ന് അവകാശപ്പെടുന്നു. ഇതാണ് കാതലായ പ്രശ്നം." കൂടാതെ അധിനിവേശ ശക്തികൾ രൂപീകരിച്ച കോടതിയുടെ ഒരു ജഡ്ജിക്കു തന്നെ വിചാരണചെയ്യാൻ അധികാരമില്ലെന്നും സദ്ദാം വാദിച്ചു. പക്ഷേ, തന്നെ ജഡ്ജിയായി നിയമിച്ചത് സദ്ദാം പ്രസിഡന്റായ മുൻസർക്കാർ ആയിരുന്നെന്നും പ്രസിഡന്റായാൽ



ഞാൻ ഇറാഖിന്റെ പ്രസിഡന്റ്: വിചാരണയ്ക്കിടെ

പ്പോലും ആരോപണങ്ങളെ ഒരു സാധാരണ പൗരനെന്ന നിലയിൽ നേരിടണമെന്നും ജഡ്ജിയും വാദിച്ചു. പ്രസിഡന്റ് ബുഷിന്റെ 2004-ലെ പുനർതെരഞ്ഞെടുപ്പ് പ്രചാരണത്തെ സൂചിപ്പിച്ച് സദ്ദാം ഇങ്ങനെ പരിഹസിച്ചു: "താങ്കൾക്ക് അസ്വസ്ഥത ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ എല്ലാം തന്റെ പ്രചാരണത്തിനു സഹായകരമാകാൻ ബുഷ് നടത്തുന്ന നാടകമാണിത്. യഥാർത്ഥ ക്രിമിനൽ ബുഷ് ആണ്.''

തനിക്ക് ഒരു അഭിഭാഷകന്റെ മുൻപിൽ വച്ചല്ലാതെ സമൻസിൽ ഒപ്പുവയ്ക്കാനാവില്ലെന്ന നിലപാടിൽ സദ്ദാം ഉറച്ചുനിന്നപ്പോൾ ഇൻവെസ്റ്റിഗേഷൻ നീട്ടിവയ്ക്കേണ്ടിവന്നു. പിന്നീടു നടന്ന വിചാരണകളിലും അധിനിവേശ ശക്തികളുടെ ചൊൽപ്പടിയിൽ നിൽക്കുന്ന ഒരു സർക്കാരിനോ ആ സർക്കാർ നിശ്ചയിക്കുന്ന കോടതിക്കോ തന്നെ വിചാരണചെയ്യാൻ നിയമപരമായി അവകാശമില്ലെന്ന നിലപാടിൽ സദ്ദാം ഉറച്ചുനിന്നു.

ഇതിനിടയിൽ കലാപകാരികളോടു സഖ്യസൈന്യവുമായി വെടിനിർത്തൽ കരാറിലേർപ്പെടാൻ ആവശ്യപ്പെട്ട് ടിവിയിലൂടെ ഒരു അഭ്യർത്ഥന സദ്ദാം നടത്തിയാൽ അദ്ദേഹത്തെ സ്വതന്ത്രനാക്കാം എന്ന ഒരു നിർദ്ദേശം ഉന്നയിക്കപ്പെട്ടെന്ന റിപ്പോർട്ട് ലണ്ടനിൽനിന്നു പ്രസിദ്ധീകരിക്കുന്ന അൽ-ഖുഡ്സ് അൽ-അറാബി എന്ന അറബിപത്രം പ്രസിദ്ധീകരിക്കയുണ്ടായി. 2005 മേയ് ആദ്യം ഡൊണാൾഡ് റംസ്ഫെൽഡ് ഒരു യോഗത്തിൽ ഉന്നയിച്ച ഈ ആവശ്യം സദ്ദാം നിരാകരിച്ചുവത്രേ. പേര് വെളിപ്പെടുത്താത്ത ബ്രിട്ടീഷ് സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ചുകൊണ്ട് ടെലഗ്രാഫ് പത്രവും സമാനമായ വാർത്ത പ്രസിദ്ധീകരിച്ചു. നിർദ്ദേശം സദ്ദാമിനോടായിരുന്നില്ല, കലാപകാരികളോടായിരുന്നെന്ന വ്യത്യാസമേയുള്ളു. ഉള്ളടക്കം ഒന്നുതന്നെ. കലാപം അവസാനിപ്പിച്ചാൽ സദ്ദാമിനോട് ദയകാണിച്ചുകൊള്ളുമത്രേ. അവരും നേതാവിന്റെ ഇംഗിതം മനസ്സിലാക്കിയതുപോലെ അതു തള്ളിക്കളഞ്ഞു. ഈ റിപ്പോർട്ടുകൾ യു.എസ്-ബ്രിട്ടീഷ് വൃത്തങ്ങൾ നിഷേധിച്ചതായി അറിയില്ല.

## അൽ-ദുജെയിൽ വിചാരണ

പുതിയ ഇറാഖ് ഭരണഘടന അധിനിവേശ ശക്തികളുടെ നിർദ്ദേശാനുസരണം എഴുതപ്പെടുകയും അത് നടപ്പിലാക്കാൻ 2005 ഒക്ടോബർ 15-ന് റഫറണ്ടം എന്ന പ്രഹസനം നടത്തുകയുമുണ്ടായി. അധിനിവേശത്തിനു നിയമസാധുത നൽകാൻ നടത്തിയ റഫറണ്ടത്തിനെതിരെ സുന്നിമേഖലകളിൽ നടന്ന വൻകലാപങ്ങൾ യു.എസ് സേന അടിച്ചമർത്തിയാണ് അതു വിജയിപ്പിച്ചത്. നാല് ദിവസം കഴിഞ്ഞ് ഒക്ടോബർ 19-നായിരുന്നു സദ്ദാമിനെയും കൂട്ടരെയും ഇ.എസ്.ടി വിചാരണ ചെയ്തത്.

1982 ജൂലായ് 8-ന് സദ്ദാമിനുനേരെ നടന്ന വധശ്രമത്തിനു പ്രതികാരമായി ദുജെയിലിലെ 148 ശിയാകളെ കൂട്ടക്കൊല ചെയ്തതായിരുന്നു പ്രതികൾക്കെതിരെ ചാർജ്ജുചെയ്യപ്പെട്ട കുറ്റം. സദ്ദാമിനെ വധിക്കാൻ ശ്രമിച്ചതും തിരിച്ചടി കിട്ടിയതും അപ്പോഴത്തെ ഇറാഖി പ്രധാനമന്ത്രി ഇബ്രാഹിം അൽ-ജാഫരിയുടെ ദവപാർട്ടി യെന്ന ശിയാമൗലികവാദ സംഘടനയ്ക്കായിരുന്നു. അതുകൊണ്ട് വിചാരണയിലൂടെ പാവസർക്കാരിനെ സന്തോഷിപ്പിക്കാമെന്നും യു.എസ് കരുതിയിരിക്കാം.

സദ്ദാം ഹുസ്സൈനെതിരെ നിരവധി ആരോപണങ്ങൾ നിലനിൽക്കേ ഇതുമാത്രം തിരഞ്ഞുപിടിച്ചതെന്തുകൊണ്ട്? സദ്ദാമിന്റെ മറ്റു കുറ്റകൃത്യങ്ങളിൽ തങ്ങൾ കൂട്ടുപ്രതികളാണെന്ന് അമേരിക്കൻ ഭരണവർഗ്ഗത്തിനു നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് വധശിക്ഷ ദുജെയിൽ കൂട്ടക്കൊലയുടെ പേരിലായിരുന്നെന്നു വരുത്തിയാൽ തങ്ങളുടെ കൂട്ടുകുറ്റവാളിത്തത്തെ ലോകശ്രദ്ധയിൽനിന്നു മറച്ചുപിടിക്കാമെന്നായിരുന്നു അവർ വ്യാമോഹിച്ചത്. പതിവിനു വിപരീതമായി ഈ ദിവസത്തെ വിചാരണവേളയിൽ പൊതുജനങ്ങൾക്കു കോടതിയിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. സദ്ദാം ശക്തമായ രാഷ്ട്രീയ പ്രസ്താവനകൾ നടത്തി പാവസർക്കാരിനെ പ്രതി

ക്കൂട്ടിലാക്കിയതും ജഡ്ജിയുമായി വാഗ്വാദത്തിലേർപ്പെട്ടതുമായിരുന്നു കാരണം. സദ്ദാമിന്റെ അർദ്ധസഹോദരനും മുൻ രഹസ്യാന്വേഷണമേധാവിയുമായ ബർസൻ, മുൻ വൈസ് പ്രസിഡന്റ് താഹ യാസ്സിൻ റമദാൻ, മുൻ ചീഫ് ജഡ്ജ് അവദ് ഹമെദ് അൽ-ബന്ദർ അൽ-സാദുൻ എന്നിവർക്കുപുറമെ അൽ-ദുജൈയിലിലെ നാല് ബാത്ത്പാർട്ടി പ്രവർത്തകരും സദ്ദാമും ഉൾപ്പെട്ട എട്ട് പ്രതികളും തങ്ങൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ ശക്തമായി നിഷേധിച്ചു.

മുൻപത്തെപ്പോലെ പാവസർക്കാർ യു.എസ് നിർദ്ദേശാനുസരണം തട്ടിക്കൂട്ടിയ ഭരണഘടനയെയും അതിന്റെ കീഴിൽ പ്രവർത്തിച്ച കോടതിയുടെ നടപടികളിലെ അസംബന്ധത്തെയും വെല്ലുവിളിച്ചുതന്നെ വിചാരണയെ സദ്ദാം നേരിട്ടു. ഇ.എസ്.ടിയുടെ നിയമസാധുതയെ അദ്ദേഹം യുക്തിയുടെയും നിയമത്തിന്റെയും പിൻബലത്തോടെ ചോദ്യം ചെയ്തു. "ഈ കോടതി വിദേശ അധിനിവേശത്തിന്റെ ചൊൽപ്പടിയിലാണ്." സദ്ദാം പ്രഖ്യാപിച്ചു: "ജനങ്ങളോട് അർഹമായ ബഹുമാനത്തോടെ, കോടതിയെന്നു വിളിക്കപ്പെടുന്നതിനോടു ഞാൻ പ്രതികരിക്കുന്നില്ല. ഇറാഖിന്റെ പ്രസിഡന്റ് എന്ന നിലയിൽ എന്റെ ഭരണഘടനാപരമായ അവകാശങ്ങൾ ഞാൻ കാത്തുസൂക്ഷിക്കുന്നു."

ഇപ്രാവശ്യവും ജഡ്ജ് പേരെന്താണെന്നു ചോദിച്ചപ്പോൾ താൻ ഇറാഖിന്റെ പ്രസിഡന്റാണെന്നല്ലാതെ, പേര് പറയാൻ സദ്ദാം തയ്യാറായില്ല. കുർദ് വംശജനായ ജഡ്ജ് റിസ്ഗർ മുഹമ്മദ് അമിനോട് സദ്ദാം തിരിച്ചുചോദിച്ചു: "ആരാണ് നിങ്ങൾ? നിങ്ങളാരാണെന്ന് എനിക്കറിയണം." അമിൻ സദ്ദാമിനെ മുൻ പ്രസിഡന്റ് എന്നു സംബോധന ചെയ്തപ്പോഴും അദ്ദേഹം എതിർത്തു. താൻ ഇപ്പോഴും ഇറാഖിന്റെ പ്രസിഡന്റാണെന്നും താൻ പുറത്താക്കപ്പെട്ടിട്ടില്ലെന്നുമുള്ള നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു.

സദ്ദാം വിചാരണയുടെ ആദ്യ സെഷൻ മൂന്നു മണിക്കൂറുകൊണ്ട് അവസാനിച്ചു. 2005 നവമ്പർ 28-ലേക്ക് കേസ് കോടതി നീട്ടിവച്ചു. പല സാക്ഷികളും ഭയം മൂലം കോടതിയിൽ ഹാജരാകാതിരുന്നതാണ് കാരണം. പിന്നെ പ്രതിഭാഗത്തിനു കേസ് പഠിക്കാൻ കൂടുതൽസമയം വേണമെന്ന ആവശ്യം അംഗീകരിക്കപ്പെട്ടു.

ഈ വിചാരണയ്ക്കുശേഷം അൽ-അറാബിയ പ്രസിദ്ധീകരിച്ച ഒരഭിമുഖത്തിൽ സദ്ദാമിന്റെ മൂത്തമകൾ കോടതി നടപടികളെ 'പ്രഹസനം' എന്നു പരിഹസിക്കയും തന്റെ പിതാവ് സിംഹത്തെപ്പോലെ പെരുമാറിയെന്നു സാഭിമാനം അവകാശപ്പെടുകയും ചെയ്തു. "കൂട്ടിലടയ്ക്കപ്പെട്ടാലും അദ്ദേഹം സിംഹമായിരിക്കും. സദ്ദാമിനെ അറിയുന്ന സത്യസന്ധനായ ഓരോ വ്യക്തിക്കുമറിയാം, അദ്ദേഹം സ്ഥിതപ്രജ്ഞനും ശക്തനുമാണെന്ന്." അവർ വിശദീകരിച്ചു. നവംബർ 28-നും ചീഫ് ജഡ്ജ് അമിൻ വിചാരണ നീട്ടിവച്ചു. പല പ്രതികളുടെയും വക്കീലന്മാരെ പകരം വയ്ക്കാനായിരുന്നു അത്. കാരണം അൽ-ബന്ദറുടെയും താഹ യാസിന്റെയും വക്കീലന്മാരെ തോക്കുധാരികൾ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയിരുന്നു. ബർസന്റെ വക്കീലിന് ആക്രമണത്തിൽ മുറിവേറ്റേയുള്ളു.

വിചാരണയിൽ ഉടനീളം സദ്ദാം കോടതിയുടെ ആധികാരികതയെ ചോദ്യം ചെയ്തു. അദ്ദേഹത്തിന്റെ അഭിഭാഷകരാകട്ടെ, ഒരു ഘട്ടത്തിൽ യു.എസ് നേതൃത്വത്തിൽ 2003-ൽ നടന്ന ഇറാക്ക് ആക്രമണത്തെയും ട്രൈബ്യൂണലിന്റെ നിയമസാധുതയെയും ചോദ്യംചെയ്ത് കോടതിയിൽനിന്ന് ഇറങ്ങിപ്പോയി. തങ്ങളിൽനിന്ന് യു.എസ് സൈനികർ പിടിച്ചെടുത്ത രേഖകൾ തിരികെ ആവശ്യപ്പെട്ടതു കൂടാതെ, തങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തണമെന്ന ആവശ്യവും അവർ ശക്തമായി ഉയർത്തിക്കൊണ്ടുവന്നു. സദ്ദാമും കൂട്ടുപ്രതികളും ചേർന്ന് ജഡ്ജ് അമീനെയും ട്രൈബ്യൂണലിനെയും ശകാരിച്ചു. അടുത്ത ദിവസം തനിക്കെതിരായ തെളിവെടുക്കലിനുശേഷം സദ്ദാം ജഡ്ജിക്കെതിരെ രോഷപ്രകടനം നടത്തി. 2005 ഡിസംബർ 7-ന് അദ്ദേഹം കോടതിയിൽ പ്രവേശിക്കാൻ വിസമ്മതിച്ചു. താൻ കഴിയേണ്ടിവരുന്ന സാഹചര്യത്തെപ്പറ്റിയും വിചാരണയുടെ നടത്തിപ്പിനെപ്പറ്റിയും തന്റെ പരാതികളുടെ ഭാണ്ഡം അദ്ദേഹം അഴിച്ചു. മറ്റു പലതിന്റെയും കൂട്ടത്തിൽ താൻ വസ്ത്രം മാറ്റിയിട്ട് നാലു ദിവസമായെന്ന് സദ്ദാം തുറന്നടിച്ചു. ഡിസംബർ 12-ന് സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിനു പകരം, തന്നെ പിടികൂടിയ അമേരിക്കക്കാർ തന്നെ തല്ലിച്ചതച്ചെന്നും ശരീരം നിറയെ അതിന്റെ വടുക്കളാണെന്നും സദ്ദാം വെളിപ്പെടുത്തി.

2006 ജനുവരി 29-ന് വിചാരണ ആദ്യമായി തീർത്തും അലങ്കോലപ്പെട്ടു. സദ്ദാമിന്റെ അർദ്ധസഹോദരൻ ബർസനെ ഗാർഡുകൾ വലിച്ചിഴച്ചു കൊണ്ടുപോകുകയും ഡിഫൻസ് ടീം കോടതിയിൽനിന്ന് ഇറങ്ങിപ്പോക്ക് നടത്തുകയും സദ്ദാം ജഡ്ജിയുമായി ഉണ്ടായ വാക്പോരിനെ തുടർന്നു പുറത്താക്കപ്പെടുകയും ചെയ്തതായിരുന്നു കാരണം. സർക്കാർ അമിതമായി ഇടപെടുന്നെന്ന് ആരോപിച്ച് മുൻ ജഡ്ജ് റിസ്ഗർ അമിൻ തൽസ്ഥാനം ജനുവരി 9-ന് രാജിവച്ചിരുന്നു. ഈ കേസിനുവേണ്ടി രൂപീകരിക്കപ്പെട്ട അഞ്ച് അംഗങ്ങളടങ്ങിയ പാനലിൽനിന്നു അടുത്ത ആളായ സെയ്ദ് ഹമ്മാഷ് ചീഫ് ജഡ്ജ് ആയി നിയമിക്കപ്പെട്ടു. അദ്ദേഹം ബാത്ത്പാർട്ടി അംഗമായിരുന്നെന്ന ആരോപണത്തെത്തുടർന്ന് രാജിവച്ച ഒഴിവിൽ അമേരിക്കയ്ക്കുവേണ്ടി എന്തുചെയ്യാനും മടിക്കാത്ത റൗഫ് അബ്ദ അൽ-റഹ്മാനെ ചീഫ് ജഡ്ജ് ആക്കിയതിന്റെ അനന്തരഫലമായിരുന്നു ഈ അലങ്കോലം.

കാര്യങ്ങൾ വേഗം അവസാനിപ്പിക്കണമെന്ന യു.എസ് നിർദ്ദേശം ശിരസാവഹിച്ച പുതിയ ജഡ്ജ് റഹ്മാൻ രാഷ്ട്രീയ പ്രസംഗങ്ങൾ കോടതിയിൽ അനുവദിക്കില്ലെന്ന മുഖവുരയോടെ പറഞ്ഞു: "അപ്രസക്തമായ അഭിപ്രായങ്ങൾ വല്ലതുമുണ്ടെങ്കിൽ രേഖകളിൽനിന്നു നീക്കം ചെയ്യും. ആരെങ്കിലും നിയമം ലംഘിച്ചാൽ കോടതിമുറിയിൽനിന്ന് അയാളെ ഇറക്കിവിടും. എന്നിട്ട് അയാൾ ഹാജരായാലെന്നപോലെ വിചാരണ നടത്തുകയും ചെയ്യും." പ്രകോപനപരമായ ഈ പ്രസ്താവനയെ തുടർന്ന് ബർസൻ അൽ തിക്രിതി കോടതിയുടെ



അമേരിക്കൻ സൈനികർ സദ്ദാമിനെ പിടികൂടിയപ്പോൾ

നിയമസാധുതയെ ചോദ്യംചെയ്യുക മാത്രമല്ല, അതിനെ 'ജാരസന്തതി' എന്നു വിശേഷിപ്പിക്കയും ചെയ്തു. രോഗിയായ അദ്ദേഹത്തെ ഒരു കോടതി ജോലിക്കാരൻ വലിച്ചിഴച്ചു പുറത്താക്കി. ഉടനെ പ്രതികൾ കൂട്ട മുദ്രാവാക്യം മുഴക്കി: "രാജ്യദ്രോഹികൾ നശിക്കട്ടെ? അമേരിക്ക നശിക്കട്ടെ!'' കലിതുള്ളിക്കൊണ്ട് റഹ്മാൻ ജോർദാനിയനായ പ്രതിഭാഗം വക്കീൽ സാലിഹ് അർമൗതിയുടെ നേരെ തിരിഞ്ഞു: "നിങ്ങളുടെ കക്ഷികളെ ഇളക്കിവിട്ടത് നിങ്ങളാണ്. ഞങ്ങൾ നിങ്ങൾക്കെതിരെ ക്രിമിനൽ നടപടി തുടരും.'' മാത്രമല്ല, വക്കീലിനെയും ബലമായി പുറന്തള്ളി. പ്രതിഷേധസൂചകമായി മറ്റു പ്രതിഭാഗം വക്കീലന്മാരും ഇറങ്ങിപ്പോക്ക് നടത്തി. സദ്ദാം തനിക്കുവേണ്ടി കോടതി നിയമിച്ച വക്കീലന്മാരിൽ അതൃപ്തി പ്രകടിപ്പിച്ച്, ജഡ്ജ് റഹ്മാനെ അപലപിച്ചു കോടതിനടപടികൾ ബഹിഷ്കരിച്ചു. അന്തിമമായി കോടതി പുനരാരംഭിച്ചപ്പോഴും ഇതൊക്കെ ആവർത്തിച്ചു. പ്രതികളും അവരുടെ അഭിഭാഷകരും കോടതിമുറിയിൽ നിന്നു പുറന്തള്ളപ്പെട്ടെങ്കിലും ജഡ്ജ് നടപടികളുമായി മുന്നോട്ടുപോയി, വിദേശമേലാളന്മാരുടെ നിർദ്ദേശം കണ്ണുംപൂട്ടി നടപ്പാക്കി.

സദ്ദാം വിചാരണയിലെ രാഷ്ട്രീയ ഗൂഢാലോചനയെ പൊതുവെ മനുഷ്യാവകാശസംഘടനകൾ അപലപിച്ചു. അമേരിക്കയിലെ ഹ്യൂമൻ റൈറ്റ്സ് വാച്ചാകട്ടെ മുഴുവൻ കോടതിനടപടികളെയും നിയമവിരുദ്ധമെന്നു പ്രഖ്യാപിച്ചു. വിചാരണയെ മ്യൂസിക്കൽ ചെയർ കളിയായി അധഃപതിപ്പിച്ചുവെന്നു പരിഹസിച്ചു.

## അൻഫൽ വിചാരണ

അൽ-അൻഫൽ സൈനികപ്രവർത്തനമായിരുന്നു കുർദിഷ് വംശഹത്യ എന്നറിയപ്പെട്ടത്. വടക്കൻ ഇറാക്കിലെ അറബികളല്ലാത്ത അസീരികൾ, ശബാക്കുകൾ, യസീദികൾ തുടങ്ങിയ വംശങ്ങൾക്കു നേരെയും 1986-89 കാലത്ത് അലി ഹസ്സൻ അൽ-മജീദിന്റെ നേതൃത്വത്തിസലും ഇതു നിർബാധം നടന്നു. ഈ വംശഹത്യയ്ക്കും രാസായുധപ്രയോഗത്തിനും അമേരിക്കയ്ക്കും വ്യക്തമായ പങ്കുണ്ടായിരുന്നതിനാലായിരുന്നു സദ്ദാം വിചാരണയിൽ ഇതേറ്റവും ഒടുവിലേക്കു മാറ്റിവച്ചതും അതവസാനിക്കും മുൻപേ അദ്ദേഹത്തെ വധശിക്ഷയ്ക്കു വിധേയനാക്കിയതും. 2006 ആഗസ്റ്റ് 21-ന് ആരംഭിച്ച അൻഫൽ വിചാരണ അവസാനിപ്പിക്കാതെ ആയിരുന്നു 2006 ഡിസംബർ 30-ന് സദ്ദാമിനെ അമേരിക്കൻ സൈനികർ തൂക്കുമരത്തിലേക്കു നയിച്ചത്. അൻഫൽ വിചാരണയുമായി യാതൊരു ബന്ധവുമില്ലാത്ത ദുജൈയിൽ കൂട്ടക്കൊലയ്ക്കു വിധി

ക്കപ്പെട്ട ശിക്ഷയെന്ന നിലയിലായിരുന്നു അങ്ങനെ ചെയ്തത്.

വിചാരണ പുനരാരംഭിച്ചത് 2007 ജനുവരി 8-നും. അന്ന് സദ്ദാം ജീവിച്ചിരിപ്പില്ലാത്തതിനാൽ അദ്ദേഹത്തിനെതിരായ മറ്റാരോപണങ്ങളെ സംബന്ധിച്ച വിചാരണ ഉപേക്ഷിച്ചു. കെമിക്കൽ അലി തുടങ്ങിയ മറ്റു പ്രതികൾക്കെതിരെ വിചാരണ തുടരുകയും അവരെ വിവിധ ദിവസങ്ങളിലായി തൂക്കിലേറ്റുകയും ഫർഹാൻ ജുബൗരിയെയും സാബർ അൽ-ദൗരിയെയും ജീവപര്യന്തം തടവിനു ശിക്ഷിക്കുകയും ചെയ്തു.

റൊണാൾഡ് റീഗൻ പ്രസിഡന്റും (1981-1989) ബുഷ് സീനിയർ വൈസ് പ്രസിഡന്റും ആയിരുന്നപ്പോൾ നടന്ന ഇറാൻ-ഇറാഖ് യുദ്ധകാലത്തായിരുന്നു സദ്ദാമിന്റെ യുദ്ധക്കുറ്റകൃത്യങ്ങൾ എല്ലാം നടന്നത്.

അക്കാലത്ത് അമേരിക്കയും പാശ്ചാത്യസുഹൃത്തുക്കളും ഇറാക്കിന് രാസ-ജൈവായുധങ്ങൾ നിർമ്മിക്കാൻ ആവശ്യമായ എല്ലാ സഹായവും ചെയ്തുകൊടുത്തിരുന്നു. കൂടാതെ യു.എസ് രഹസ്യാന്വേഷണ ഏജൻസികൾ തങ്ങളുടെ ചാര ഉപഗ്രഹങ്ങൾ വഴി ശേഖരിച്ച ഇറാന്റെ യുദ്ധതന്ത്രപരമായ വിവരങ്ങൾ ഇറാഖിന് എത്തിച്ചുകൊടുത്തു. അങ്ങനെ ഇറാൻ സൈന്യം കേന്ദ്രീകരിച്ച കൃത്യമായ ഇടങ്ങളിൽ രാസായുധപ്രയോഗം നടത്തി വൻനാശനഷ്ടങ്ങൾ വരുത്താൻ കഴിഞ്ഞു. അങ്ങനെ ഇറാഖിന്റെ രാസായുധപ്രയോഗത്തിൽ അമേരിക്കയ്ക്കും തുല്യ ഉത്തരവാദിത്വമുണ്ട്.

അമേരിക്ക ആരോപിക്കുന്നതുപോലെ മനുഷ്യവംശത്തിനെതിരായ കുറ്റകൃത്യമാണ് സദ്ദാം ചെയ്തതെങ്കിൽ ഇങ്ങനെ ഒരു കോടതിയിലാണോ വിചാരണ ചെയ്യേണ്ടത്? ലോകവേദിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ക്രിമിനൽ കോടതിയല്ലേ വിചാരണ ചെയ്യേണ്ടത്? സെർബിയൻ പ്രസിഡന്റായിരുന്ന മിലൊസെവിച്ചിനെ വിചാരണചെയ്ത മുൻ യൂഗോസ്ലാവിയയ്ക്കായുള്ള അന്താരാഷ്ട്ര ക്രിമിനൽ ട്രൈബ്യൂണൽ (ഐ.സി.ടി.വൈ) മാതൃകയിൽ സദ്ദാം വിചാരണചെയ്യപ്പെടണമെന്ന നിർദ്ദേശംപോലും ബുഷ് അംഗീകരിച്ചില്ല.

സ്ലോബൊദൻ മിലൊസെവിച്ച് (20-8-1941 - 11-3-2006) സോഷ്യലിസ്റ്റ് ഫെഡറൽ റിപ്പബ്ലിക് ഓഫ് യൂഗോസ്ലാവിയയുടെ ഘടക റിപ്പബ്ലിക്കായിരുന്ന സെർബിയയുടെയും (1989-1997) പിന്നീട് ഫെഡറൽ റിപ്പബ്ലിക് ഓഫ് യൂഗോസ്ലാവിയയുടെയും (1997-2000) പ്രസിഡന്റായിരുന്നു. അപ്പോൾ നടന്ന ബോസ്നിയൻ യുദ്ധത്തിൽ ബോസ്നിയൻ സെർബുകൾ വംശഹത്യ നടത്തിയിരുന്നു. ഇതിനു ഉത്തരവാദിയായ മിലൊസെവിച്ച് ശിക്ഷിക്കപ്പെടണമെന്ന് അമേരിക്ക വാദിച്ചിരുന്നു. ഇത് അംഗീകരിച്ച പുതിയ യൂഗോസ്ലാവ് പ്രധാനമന്ത്രി 2001-ൽ വിചാരണയ്ക്ക് മിലൊസെവിച്ചിനെ ഐ.സി.ടി.വൈയ്ക്കു കൈമാറി. യു.എൻ ജനറൽ അസംബ്ലിയുടെ സമ്മതമില്ലാത്ത ഈ ട്രൈബ്യൂണലിന്റെ വിചാരണ അന്താരാഷ്ട്രനിയമങ്ങൾക്കെതിരാണെന്ന് സ്വയം കേസ് വാദിച്ചുകൊണ്ട് മിലൊസെവിച്ച് പ്രസ്താവിച്ചു. അഞ്ചുകൊല്ലം നീണ്ടുനിന്ന വിചാരണയ്ക്കിടയിൽ 2006 മാർച്ച് 11-ന് ഹേഗിലെ പ്രിസൺ സെല്ലിൽ കിടന്ന് ഹൃദ്രോഗംമൂലം അദ്ദേഹം അന്തരിച്ചു. രോഗശമനത്തിനു നിർദ്ദേശിക്കപ്പെട്ട മരുന്നുകൾ കഴിക്കാതിരുന്നതു മരണകാരണമായി ചൂണ്ടിക്കാട്ടിയ ഐ.സി.ടി.വൈ അദ്ദേഹത്തിന്റെ മരണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറായില്ല. ഐക്യരാഷ്ട്രസഭയുടെ പ്രാഥമിക നിയമശാഖയായ ലോകകോടതി (ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റിസ്-ഐ.സി.ജെ) മിലൊസെവിച്ചിന്റെ കേസ് ഏറ്റെടുക്കയും 2007-ൽ ബോസ്നിയൻ വംശഹത്യയിൽ മിലൊസെവിച്ചിനെ ബന്ധിപ്പിക്കാൻ ആവശ്യമായ തെളിവുകളൊന്നുമില്ലെന്നു വിധിക്കയും ചെയ്തു. നിയമാനുസൃതമായ ഐ.സി.ജെ ഉള്ളപ്പോൾ എന്തിനു ഐ.സി.ടി.വൈ രൂപീകരിച്ചു വിചാരണയെ പ്രഹസനമാക്കിയെന്നു നിയമജ്ഞരും അന്താരാഷ്ട്രസമൂഹവും ചോദ്യം ചെയ്യുകയുണ്ടായി.

ഏറെപ്പേരും ധരിച്ചിരിക്കുന്നത് ഐ.സി.ജെയും ഐ.സി.ടി.വൈയും ഒന്നുതന്നെയാണെന്നാണ്. ഐ.സി.ജെ രാഷ്ട്രങ്ങൾ തമ്മിൽ തർക്കമുണ്ടാകുമ്പോൾ തീർപ്പുകല്പിക്കുന്ന നിയമാനുസൃതമായ അന്താരാഷ്ട്ര കോടതിയാണെങ്കിൽ ഐ.സി.ടി.വൈ ഒരു അമേരിക്കൻ നിർമ്മിതിയാണ്. യു.എൻ ചാർട്ടർ (U.N.Charter,Chapter VII, Article 29) അനുസരിച്ച് ഒരു സ്വതന്ത്രസ്ഥാപനമാകാൻ പറ്റാത്ത അത് അമേരിക്കയുടെ ഒരു രാഷ്ട്രീയോപകരണം മാത്രമായിരുന്നു.

അങ്ങനെയിരിക്കെ മിലൊസെവിച്ചിനെ വിചാരണചെയ്ത ഐ.സി.ടി.വൈയുടെ മാതൃകയിൽ ഒരു ഇന്റർനാഷണൽ ക്രിമിനൽ ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനെപ്പോലും അമേരിക്കയും പാവയായ ഇറാഖി ഗവേണിംഗ് കൗൺസിലും ശക്തമായി എതിർക്കയുണ്ടായി. പുറത്തുനിന്നുള്ളവരുടെ നിയന്ത്രണമുള്ള ഏതു സംവിധാനത്തിനും സദ്ദാം വിചാരണ വിട്ടുകൊടുക്കാൻ അമേരിക്കയ്ക്കു ആവില്ലായിരുന്നു. കാരണം സദ്ദാമിനു വധശിക്ഷ മുൻകൂട്ടി തീരുമാനിച്ച് അതിനു തടസ്സമായി തോന്നിയാൽ ജഡ്ജിമാരെയും അഭിഭാഷകരെയും മാറ്റുകയോ വധിക്കുകയോ ചെയ്തു നിയമത്തെ അസംബന്ധനാടകമാക്കാൻ ആ നിയന്ത്രണം അസൗകര്യമാകും. അതുകൊണ്ട് യു.എസ് ധനസഹായത്തോടെയും പൂർണനിയന്ത്രണത്തോടെയും പ്രവർത്തിക്കുന്ന ഒരു സ്ഥാപനം തട്ടിക്കൂട്ടി അവർ സദ്ദാം വിചാരണ നടത്തി. യു.എസ് ജസ്റ്റിസ് വകുപ്പിലെ പ്രോസിക്യൂട്ടർമാരായിരുന്നു സദ്ദാമിനെതിരെ പഴുതടച്ച കുറ്റാരോപണങ്ങൾ കെട്ടിച്ചമച്ചത്. ഇൻവെസ്റ്റിഗേഷനു നേതൃത്വം കൊടുത്തത് അമേരിക്കയുടെ ആഭ്യന്തര രഹസ്യാന്വേഷണ ഏജൻസിയായ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ആയിരുന്നു.

2006 നവമ്പർ 5-ന് ഇറാഖി സ്പെഷൽ ട്രൈബ്യൂണൽ സദ്ദാം ഹുസ്സൈനെ ദുജൈയിൽ കൂട്ടക്കൊല എന്ന കുറ്റമാരോപിച്ചു വധശിക്ഷയ്ക്കു വിധിച്ചു. നവംബർ 6-ന് അമേരിക്കൻ കോൺഗ്രസ്സിന്റെ പ്രതിനിധിസഭയിലേക്കും സെനറ്റിലേക്കും നടന്ന തെരഞ്ഞെടുപ്പിൽ യു.സ് പ്രസിഡന്റ് ജോർജ് ബുഷിനെ സ്വന്തം നാട്ടുകാർ തിരസ്കരിച്ചു.

അന്താരാഷ്ട്ര നിയമങ്ങളോ ഏതെങ്കിലും സ്വതന്ത്രരാഷ്ട്രം അം

ഗീകരിച്ച നിയമവ്യവസ്ഥകളോ അനുസരിച്ചല്ല സദ്ദാമിനെ വിചാരണചെയ്തതും ശിക്ഷ വിധിച്ചതുമെന്നു നാം കണ്ടു കഴിഞ്ഞു. നിഷ്പക്ഷതയുടെ ലാഞ്ഛനപോലും കാണുമ്പോഴേയ്ക്കും ന്യായാധിപന്മാരെ മാറ്റുന്ന ഒരു കോടതിയെന്നായിരുന്നു പ്രധാന ആരോപണം. തെളിവുകൾ നിരത്തി പ്രതികൾ കുറ്റക്കാരല്ലെന്നു തെളിയിക്കാൻ സാമർത്ഥ്യം പ്രകടിപ്പിക്കുന്ന വക്കീലന്മാരെ കൊല്ലിച്ച ശേഷം നടത്തിയ വിചാരണയും വിധിയും പരക്കെ വിമർശിക്കപ്പെട്ടു.

## ബുഷിന് സ്വന്തം നാട്ടുകാരുടെ ശിക്ഷ

നവംബർ 6-ന് ബുഷ് തെരഞ്ഞെടുപ്പിനെ നേരിടേണ്ടതിനാലായിരുന്നു സദ്ദാം മരിക്കുന്നവരെ കഴുമരത്തിൽ തൂങ്ങിക്കിടക്കണമെന്ന വിധി വെറും ഒരു ദിവസം മുൻപ് ധൃതികൂട്ടി പുറപ്പെടുവിച്ചത്. പക്ഷേ, സദ്ദാമിന്റെ ജീവനു പകരം സ്വന്തം വോട്ടവകാശം വച്ചുമാറാൻ അമേരിക്കൻ ജനത തയ്യാറായില്ല. മിക്കവാറും വോട്ടുകൾ എണ്ണിക്കഴിഞ്ഞപ്പോഴേയ്ക്കും അതു വ്യക്തമായി. അമേരിക്കൻ കോൺഗ്രസ്സിന്റെ പ്രതിനിധിസഭയിലും സെനറ്റിലും ബുഷിന്റെ റിപ്പബ്ലിക്കൻ പാർട്ടി 1994-നുശേഷം ആദ്യമായി പുറന്തള്ളപ്പെട്ടുകഴിഞ്ഞിരുന്നു. ബുഷ് പരാജയം സമ്മതിക്കുകയും ഇറാഖ് യുദ്ധത്തിന്റെ ശില്പികളിൽ പ്രമുഖനായ പ്രതിരോധ സെക്രട്ടറി റൊണാൾഡ് റംസ്ഫെൽഡിനെ രാജിവയ്പിക്കുകയും ചെയ്തു.

ഭീകരതയ്ക്കെതിരായ യുദ്ധത്തിൽ തന്നെ രക്ഷകനായി അമേരിക്കൻ ജനത കരുതുമെന്ന കണക്കുകൂട്ടൽ പാളിപ്പോയെന്നല്ലാതെ ഒരു നയം മാറ്റത്തിനു ബുഷോ അമേരിക്കൻ സാമ്രാജ്യത്വവാദികൾ മൊത്തത്തിലോ തയ്യാറാകുമെന്ന് അവരെപ്പറ്റി ഉപരിപ്ലവധാരണയുള്ളവർ മാത്രമെ കരുതുകയുള്ളൂ.

ഇറാഖ് ആക്രമണത്തിന്റെ തുടക്കം മുതലേയുള്ള വൈരുദ്ധ്യങ്ങൾ അപരിഹാര്യമായ വിധത്തിൽ മൂർച്ഛിച്ചുകൊണ്ടിരിക്കയാണെന്നതിന്റെ സൂചനയായിരുന്നു സദ്ദാമിന്റെ വിചാരണയും വധശിക്ഷയും. ഒരുപാട് തിന്മകളുടെ കൂട്ടത്തിൽ പല നന്മകളും ആ ഭരണകാലത്തുണ്ടായിരുന്നു. അരാജകത്വത്തെ ശക്തമായി നേരിട്ട് ഒരു ഉറച്ച ഭരണം നിലനിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഏതായാലും സദ്ദാം ഭരണം ദുസ്സഹമാകുമ്പോൾ അദ്ദേഹത്തെ പുറന്തള്ളാനുള്ള അവകാശം ഇറാക്കി ജനതയ്ക്കു മാത്രമായിരുന്നു. അതിനു പകരം ഇല്ലാത്ത കൂട്ടനശീകരണായുധങ്ങളുടെയും അൽഖയ്ദ ബന്ധത്തിന്റെയും കള്ളക്കഥ പ്രചരിപ്പിച്ച് ആ രാജ്യം ആക്രമിച്ചു കീഴടക്കി ഒരു പാവ സർക്കാരിനെ അവരോധിച്ച് ഭരണാധിപനു വധശിക്ഷ വിധിക്കാൻ ജോർജ് ബുഷിനും കൂട്ടർക്കും ആരാണ് അധികാരം കൊടുത്തത്? അതുപോലെ, സദ്ദാം 1990 വരെ ചെയ്ത എല്ലാ കുറ്റങ്ങൾക്കും അമേരിക്കയും കൂട്ടുപ്രതിയായിരുന്നല്ലോ. മാത്രമല്ല, കൂട്ടനശീകരണായുധങ്ങൾ കൈവശം വച്ചതിന്റെയും അൽഖയ്ദ ബന്ധത്തിന്റെയും പേരിൽ ശിക്ഷാർഹരായിട്ടുള്ളവരിൽ ഒന്നാം സ്ഥാനവും അമേരിക്കയ്ക്കുതന്നെയല്ലേ? മനുഷ്യരാശിക്കെതിരായ ഈ കുറ്റകൃത്യങ്ങളുടെ പേരിൽ ആരാണ്, ഏതു കോടതിയാണ് ബുഷിനെയും കൂട്ടരേയും ശിക്ഷിക്കുക?

ബലവാന്റെ നീതി ഒരു ജനതയുടെമേൽ അതിക്രൂരമായി അടിച്ചേൽപ്പിച്ചു. അതിനെതിരായി ലോകജനതയുടെ സഹാനുഭൂതി മൊത്തത്തിൽ സദ്ദാമിലേക്കു പ്രവഹിക്കയുണ്ടായി. അമേരിക്കൻ ജനതയും അത് ഏറെക്കുറെ പങ്കുവച്ചു. യഥാർത്ഥത്തിൽ അമേരിക്കൻ ഭരണവർഗ്ഗം ഇത്രയൊക്കെ പരാക്രമങ്ങൾ കാട്ടിയില്ലായിരുന്നുവെങ്കിൽ സദ്ദാമിന് ഈ ഹീറോ പരിവേഷം ഒരിക്കലും ലഭിക്കില്ലായിരുന്നു.

തെരഞ്ഞെടുപ്പിലെ തോൽവി അമേരിക്കൻ ഭരണവർഗ്ഗത്തിൽ വലിയ മാറ്റത്തിനൊന്നും കാരണമായിട്ടില്ലെന്നതിനു ഏറ്റവും വലിയ തെളിവാണ് റംസ്ഫെൽഡിനു പകരമായി പ്രതിരോധ സെക്രട്ടറി സ്ഥാനത്തേക്ക് മുൻ സി.ഐ.എ തലവൻ റോബർട്ട് ഗേറ്റ്സ് നിയമിതനായത്. 26 വർഷക്കാലം സി.ഐ.എയിൽ പ്രവർത്തിച്ച് എല്ലാ അട്ടിമറികൾക്കും നേതൃത്വം കൊടുത്ത ഗേറ്റ്സിനെ പെന്റഗണിലെ ഏറ്റവും ഉത്തരവാദപ്പെട്ട പദവിയിലേക്ക് ഉയർത്തി 2011 വരെ നിലനിർത്തി.

ഭീകരതയ്ക്കെതിരായ യുദ്ധം ബുഷ് പ്രഖ്യാപിച്ചതിലെ കാപട്യം റോബർട്ട് ഗേറ്റ്സിനെ അതു നയിക്കുന്നതിനു നിയമിച്ചതോടെ വ്യക്തമായി. 1980-കളിൽ അഫ്ഗാനിസ്ഥാനിൽ ഉസാമ ബിൻ ലാദനെ ഒരു ഭീകരനാക്കി വളർത്തിയെടുക്കുന്നതിൽ സി.ഐ.എ ഉപാദ്ധ്യക്ഷൻ എന്ന നിലയിൽ നേരിട്ടു സഹായിച്ച ആളാണ് ഇദ്ദേഹം. അതുപോലെ ഇതേ കാലത്തുതന്നെയാണ് ഇയാൾ നിക്കരാഗ്വയിലെ ഡാനിയൽ ഒർട്ടേഗയുടെ സാന്റിനിസ്റ്റാ സർക്കാരിനെ അട്ടിമറിക്കാൻ കോൺട്രാ ഭീകരർക്കു സഹായമെത്തിച്ചത്. അതിനു പണം ശേഖരിക്കാൻ നിയമവിരുദ്ധമായി ഇറാനിലേക്ക് ആയുധം കള്ളക്കടത്ത് ("Iran-contra" operation) നടത്തി. ഏറ്റവും വിചിത്രമായ കാര്യം ഇതേ കാലത്തുതന്നെയാണ് ഇതേയാൾ ഇറാനെതിരെ യുദ്ധം ചെയ്യാൻ സദ്ദാം ഹുസ്സൈനു രഹസ്യമായി ആയുധമെത്തിച്ചുകൊടുത്തതും എന്നതാണ്.

ഇങ്ങനെ വിചാരണയിലെ നീതിരാഹിത്യത്തിനെതിരെ അമേരിക്കൻ ജനത തീക്ഷ്ണമായി പ്രതികരിച്ചെങ്കിലും ഭരണവർഗ്ഗം അതിനനുസരിച്ചു കാതലായ മാറ്റത്തിനു തയ്യാറല്ല. കാരണം, മാറിമാറി ഭരണം കയ്യാളുന്ന ഇരു പാർട്ടികളും ആ രാജ്യത്തിന്റെ ലോകാധിപത്യം മോഹിക്കുന്നവരാണ്. 2002-ൽ അന്യരാജ്യങ്ങളെ അക്രമിക്കാൻ യു.എസ്. കോൺഗ്രസ്സിന്റെ അംഗീകാരം ബുഷിനു ലഭിച്ചത് ഡെമോക്രാറ്റ് അംഗങ്ങൾകൂടി വോട്ട് ചെയ്തിട്ടാണ്. അതുപോലെ ആഴ്ചയിൽ 2 ബില്യൻ ഡോളർ വീതം ഇറാഖ് അധിനിവേശത്തിന് അനുവദിച്ചതും അവരുടെ പിന്തുണയോടെ തന്നെ. ഇതിന്റെ പേരിൽ അമേരിക്കൻ ജനതയുടെ ജനാധിപത്യാവകാശങ്ങളുടെമേൽ വാളോങ്ങുന്ന പാട്രിയോട്ടിക് ആക്ട്, മിലിറ്ററി കമ്മിഷൻ ആക്ട് എന്നിവ പാസ്സാക്കിയെടുത്തതും അവരുടെ കൂടി വോട്ടിന്റെ പിൻബലത്തിലായിരുന്നു. ●

*(ഉടൻ പ്രസിദ്ധീകരിക്കുന്ന 'സദ്ദാം ഹുസ്സൈൻ: കറുപ്പും കരുത്തും' എന്ന ഗ്രന്ഥത്തിൽനിന്ന്)*